## സൺഡേ സ്കൂൾ അഖില മലങ്കര അടിസ്ഥാനതല വിജയി

അഭിനന്ദനങ്ങൾ



ഏയ്ജലീയ മറിയ മാത്യൂസ്

OSSAE അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ മത്സര പരീക്ഷയിൽ കൊച്ചി ഭദ്രാസനത്തിൽ A+ നേടിയ രണ്ടു കുട്ടികളിൽ ഏയ്ജലീയ മറിയ മാത്യൂസ്. സെൻറ് മേരീസ് കത്തീഡ്രൽ സൺഡേ സ്കൂൾ ആറാം ക്ലാസ്സ് വിദ്യാർത്ഥിയും, ബഹുമാനപ്പെട്ട ബിജു അച്ചന്റേയും ജാസ്മിൻ അമ്മായിയുടെയും മകളുമാണ്. എറണാകുളം ഡിസ്ട്രിക്ട് സൺഡേ സ്കൂൾ അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും ആശംസകൾ.

## പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം മാർച്ച് 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.**

*(ഇടയലേഖനം തുടർച്ച)*

ണ്ടിരിപ്പിൻ' എന്ന കർത്താവിന്റെ മുന്നറിയിപ്പ് ഈ വഴിക്കു ചിന്തിക്കാൻ വക നൽകുന്നതാണ്.

പ്രാർത്ഥനാ മതിലുകൾ ഉയരുന്ന യരുശലേമിലെ യാഗങ്ങളിൽ യഹോവ പ്രസാദിക്കുന്നു. ആ നഗരത്തിൽ അനീതിയും രക്തപാതകവും, കൊള്ളയും അശേഷം ഉണ്ടാവില്ല തന്നെ. അവിടെ ഭൂമിയിലെ ബലിയും, സ്വർഗ്ഗാതീത ബലിപീഠത്തിലെ ബലിയും ഒന്നായിത്തീരുന്നു. ■

## അറിയിപ്പ്

എറണാകുളം സെൻറ് മേരീസ് കത്തീഡ്രലിന്റെ കിഴക്കു വശത്തുള്ള മാർ പക്കോമിയോസ് നഗർ മോടി പിടിപ്പിച്ചിട്ടുള്ള വിവരം ഇതിനകം എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടായിരിക്കുമല്ലോ. ഏഴായിരത്തിലധികം ചതുരശ്ര അടി ഇപ്രകാരം തയ്യാറാക്കിയിട്ടുണ്ട്. നാനൂറ് ചതുരശ്ര അടിയോളം വരുന്ന സ്റ്റേജ്, നല്ല ഒരു അടുക്കള, രണ്ട് ഭാഗത്തായി വാഷ്, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. കാർ പാർക്കിങ്ങിനായി ബോട്ട് ജെട്ടിക്കുള്ളിലും, ബോട്ട് ജെട്ടിയിൽ നിന്ന് കിഴക്കോട്ടുള്ള റോഡിൽ YAS RESTAURANT BEST BAKERS മുൻ വശത്തായും കാനൻഷെഡ് റോഡ്-മാർക്കറ്റ് റോഡ് ജംഗ്ഷനിലും കാർ പാർക്കിങ്ങ് സൗകര്യമുണ്ട്. ഞായറാഴ്ചകളിൽ റവന്യൂ ടവറിലും ഈ സൗകര്യം ലഭ്യമാണ്. വിവാഹങ്ങൾ, വിവാഹനിശ്ചയം, മാമോദീസ, മരണാനന്തര ചടങ്ങുകൾ, വിവാഹത്തലേന്നുള്ള ചടങ്ങുകൾ എന്നിവയ്ക്ക് ക്രിസ്തീയതയ്ക്ക് യോജിച്ച രീതിയിൽ ഇടവകക്കാർക്ക് നൽകുവാൻ പള്ളി പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിനകം പലരും ഈ സൗകര്യം ഉപയോഗിക്കുകയും അഡ്വാൻസായി ബുക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

*(എഡിറ്റോറിയൽ തുടർച്ച)*

രിക്കുകയില്ല. ദൈവവിശ്വാസമില്ലാത്തവൻ എന്തു ചെയ്യുവാനും, എന്തു പറയുവാനും മടിക്കാറില്ല. അവരാണ് പണമുണ്ടാക്കാൻ ഏതു നീചപ്രവർത്തികൾക്കും മുതിരുകയും എപ്പോഴും മറ്റുള്ളവരെ പ്രകോപിപ്പിക്കുന്ന സംസാരത്തിന് തയ്യാറാകുന്നതും.

പ്രാർത്ഥനയാലും, നല്ല പ്രവർത്തികൾ ചെയ്തും, കുട്ടികളായിരിക്കുമ്പോൾ തന്നെ പരിശീലിപ്പിക്കപ്പെട്ടാൽ ജീവിതകാലം മുഴുവൻ നല്ലതു പ്രവർത്തിക്കുവാനും നല്ല മനസ്സോടെ കഴിച്ചുകൂട്ടുവാനും സാധ്യമാകും. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**03-03-2019 - 4 pm**
**ശ്രീ. അനിയൻകുഞ്ഞ് ഗീവർഗീസ്**
മിയാനി ഭവൻ, PRA 32
നിയർ ക്യാമ്പയിൻ സ്കൂൾ
ഇടപ്പള്ളി
Ph: 9747811033

**St. Dionysius Unit (Vyttila-Maradu Area) 24-03-2019 - 4 pm**
**ശ്രീ. ഡേവിഡ് പണിക്കർ**
മുക്കിലിൽ ഹൗസ്, SNRA-24F
വൈക്കത്തുശ്ശേരി റോഡ്
ശാന്തി നഗർ, മരട് പി. ഒ
Ph: 9447133127




Editorial Board : Fr. Jiju Varghese (Vicar), K.K. George (94470 40484), Paulose Jacob, V. N. Philipose, Mammen Abraham & Suma Mathew.
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490
Design & Lay-out: dittografix, Printed at Geo Printshop, Ernakulam





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 13 ISSUE : 03 March 2019

## എഡിറ്റോറിയൽ

### മനസ്സാക്ഷി

'സകലത്തിലും നല്ലവരായിരിപ്പാൻ ഇച്ഛിക്കകൊണ്ട് ഞങ്ങൾക്ക് നല്ല മനസ്സാക്ഷി ഉണ്ടെന്ന് ഞങ്ങൾ ഉറച്ചിരിക്കുന്നു.

(എബ്രാ13:18)

മനസ്സാക്ഷി എന്നൊന്ന് മനുഷ്യർക്ക് കുറഞ്ഞു വരുകയാണെന്ന് പലപ്പോഴും തോന്നിപ്പോകും. അതിന്റെ പ്രധാന കാരണം എല്ലാ ദിവസവും ദൃശ്യ മാധ്യമങ്ങളിലൂടെ നാം കാണുകയും കേൾക്കുകയും ചെയ്യുന്ന പലകാര്യങ്ങളും മനുഷ്യ മനസ്സാക്ഷിക്ക് ചേരാത്തതായതുകൊണ്ടാണ്. നാം വളർന്നു വരുന്ന സാഹചര്യങ്ങളും നാം പഠിക്കുന്ന മതപരമായ ശീലങ്ങളുമാണ് ഒരു മനുഷ്യന്റെ മനസ്സാക്ഷി രൂപപ്പെടുത്തുന്നത്. ഒരു ചെറിയ ഉദാഹരണം: നാലു വിവാഹങ്ങൾ വരെ അനുവദനീയമായ മുസ്ലീം സമുദായത്തിലെ ഒരംഗത്തിന് അങ്ങിനെ ചെയ്യുന്നതിൽ ഒരു മനസ്സാക്ഷി കുത്തിന്റെയും ആവശ്യമില്ലായിരിക്കാം. അതേ സമയം ഒന്നിൽ കൂടുതൽ വിവാഹം അനുവദനീയമല്ലാത്ത മറ്റു സമുദായ അംഗങ്ങൾക്ക്, അത് തെറ്റിക്കുവാൻ മനസ്സാക്ഷി അനുവദിക്കുകയില്ല. നല്ല മനസ്സാക്ഷി രൂപപ്പെടുന്നത് സൺഡേ സ്കൂൾ മുതലായ സഭ ചിട്ടപ്പെടുത്തിയിട്ടുള്ള പാഠങ്ങളിൽ നിന്നും മാതാപിതാക്കളുടെ ശിക്ഷണത്തിൽ നിന്നുമാണ്. മനഃസാക്ഷിക്കെതിരായി തെറ്റ് ചെയ്യുമ്പോൾ അങ്ങിനെ ചെയ്യരുത് എന്നൊരു തോന്നൽ ആദ്യമൊക്കെ ഉണ്ടാകും. എന്നാൽ അതിനെ ഗൗനിക്കാതെ തെറ്റ് തുടർന്നാൽ കുറച്ചു കഴിയുമ്പോൾ ആ നല്ല മനസ്സാക്ഷി ഇല്ലാതാവുകയും, അത്യാവശ്യത്തിന് തെറ്റ് ചെയ്താൽ കുഴപ്പമില്ലെന്നുള്ള ചിന്ത നമ്മെ ഭരിക്കയും, തെറ്റു ചെയ്യുമ്പോഴുണ്ടാകാറുണ്ടായിരുന്ന 'മനസ്സാക്ഷിക്കുത്ത്' ഇല്ലാതാവുകയും ചെയ്യും. അതായത് നമ്മുടെ മനസ്സാക്ഷി തെറ്റു ചൂണ്ടിക്കാണിച്ചാൽ നാം അത് തിരുത്തുവാൻ ശ്രമിക്കാതെ അതിലേക്കു തന്നെ ആകർഷിക്കപ്പെട്ടാൽ, മനസ്സാക്ഷി ഇല്ലാതാവുകയായിരിക്കും ഫലം.

എന്റെ മനസ്സാക്ഷിയനുസരിച്ചാണ് ഞാൻ പ്രവർത്തിച്ചതെന്ന് ചിലർ പറയുന്നത് കേട്ടിരിക്കും. അത് എപ്പോഴും ശരിയായിരിക്കണമെന്നില്ല. കൊള്ളയും, കൊലയും നടത്തുന്ന ഒരുവനും ഇങ്ങിനെ പറഞ്ഞെന്നിരിക്കും. അവൻ വളർന്ന സാഹചര്യത്തിൽ നല്ലതിനുള്ള ആഹ്വാനം അവൻ കേട്ടു കാണില്ല. അതുകൊണ്ട് നല്ലതു പ്രവർത്തിക്കാനുള്ള മനസ്സാക്ഷി വളർത്തിക്കൊണ്ടു വരുന്നവർക്കു മാത്രമേ മനസ്സാക്ഷിക്കു ചേരുന്ന വിധമാണ് ഞാൻ പ്രവർത്തിക്കുന്നതെന്ന് അഭിമാനം കൊള്ളുവാൻ സാധിക്കുകയുള്ളു.

'അവൻ ഒരു മനസ്സാക്ഷിയും ഇല്ലാത്തവനാണെന്ന്' പറയുന്നത് കേട്ടിട്ടുണ്ടല്ലോ... അങ്ങനെയുള്ളവർ ദൈവവിശ്വാസികളായി

(ശേഷം 4-ാം പേജിൽ)

## ഇടയ ലേഖനം

### യെരുശലേമിന്റെ മതിൽ പണിയണം

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



സങ്കീ. 51:18 'നിന്റെ പ്രസാദപ്രകാരം സീയോനോടു നന്മ ചെയ്യണമേ
യെരുശലേമിന്റെ മതിലുകളെ പണിയണമേ'.

യെരുശലേം, യെരുശലേം ദേവാലയം ഇവ മതബോധമുള്ള യഹൂദന്റെ അന്തരാത്മാവിലെ കെടാവിളക്കുകളാണ്. യെരുശലേം മഹാരാജാവിന്റെ നഗരം; ദേവാലയം, നേരിട്ട് യഹോവയുടെ സാന്നിധ്യം അറിയുന്ന സ്ഥലം. ഇന്ന് ആ ദേവാലയം നിലവിലില്ല. യെരുശലേം യിസ്രായേലിന്റെ തലസ്ഥാനമല്ല! പഴയ ദേവാലയത്തിന്റെ ചുറ്റുമതിലിന്റെ ഒരു ഭാഗം ഇന്നും നിലനിൽക്കുന്നു. യഹൂദർ ഇന്ന് വിശുദ്ധമായി കരുതുന്ന ഇടമാണത്. ഇടിഞ്ഞുപോയ ചുറ്റുമതിൽ, നീണ്ട ചരിത്രത്തിന്റെ ഗതിവിഗതികൾക്ക് സാക്ഷിയാണ്. മതിൽ ശത്രുക്കൾ ഇടിച്ചുകളയുകയും തീഷ്ണതയുള്ള യഹൂദർ പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്.

മതിലുകൾ അങ്ങുമിങ്ങും തകർന്ന്, 'അടയറവില്ലാതെ' കിടക്കുന്നതു കണ്ടാവണം അനുതാപസങ്കീർത്തനം മതിലിനെപ്പറ്റി പരാമർശിക്കുന്നത് യരുശലേം ദേവാലയത്തിൽ നടത്തിവന്നിരുന്ന പലതരം ബലികളുണ്ടായിരുന്നു. എന്നാൽ, ആ സമയത്തു തന്നെ എഴുതപ്പെട്ട അനുതാപസങ്കീർത്തനത്തിൽ 'തകർന്നിരിക്കുന്ന മനസ്സ്' 'തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയം' എന്നിവയെ സ്വീകാര്യയാഗമായി വിശദീകരിക്കുന്നു .

തകർന്നു കിടക്കുന്ന മതിൽ മറ്റൊരു പ്രതീകമാണ്: മതിൽ പണിയണമെ എന്ന് യഹോവയോടാണപേക്ഷിക്കുന്നത്. അപ്പോൾ അത് ഭീമാകാരമായ കല്ലുകൾ ഉപയോഗിച്ചുള്ള മതിൽ ആവണമെന്നില്ല. ശത്രുക്കളിൽ നിന്നുള്ള സംരക്ഷണമാണു വിഷയം. വ്യക്തിയായാലും കുടുംബമായാലും സഭയായാലും, അതിനെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുന്ന മതിലുകൾ അനിവാര്യമാണ്. അതിനുള്ളിലെ താമസക്കാർ ശത്രുക്കളുടെ വരവിനെപ്പറ്റി ജാഗ്രതയുള്ളവരായിരിക്കണം. ഇവിടെ സംരക്ഷണ ഭിത്തി, അനുതാപപ്രാർത്ഥനയാണ്. അവിടെ യാഗം നീതിയാണ്.

വ്യക്തിയെയും സഭയെയും സംരക്ഷിച്ചു നിർത്തുന്ന കോട്ട, കല്ലും മണ്ണുമുപയോഗിച്ചു നിർമ്മിച്ചതല്ല; യഹോവ തന്നെയാണ് തന്റെ ജനത്തെ സംരക്ഷിക്കുന്നത്. അതിനുള്ളിൽ സത്യവും നീതിയും സ്നേഹവും നിലനിൽക്കുന്നു എന്ന നഗരത്തിനു കാവൽ ദൈവം തന്നെ. ജീവിതമായാലും നഗരമായാലും സംരക്ഷണ ഭിത്തിയില്ലെങ്കിൽ ശത്രുക്കൾ അനായാസം ഉള്ളിൽ കടക്കും. 'ജാഗ്രതയായിരിപ്പിൻ', 'ഉണർന്നും പ്രാർത്ഥിച്ചും കൊ

(ശേഷം 4-ാം പേജിൽ)

## വികാരിയുടെ കത്ത്

# നോമ്പിന്റെ നന്മകൾ

ഫാ. ബിജു എബി മാത്യൂസ്



ഒരു നോമ്പുകാലം കൂടി സമാഗതമായിരിക്കുന്നു. നോമ്പ് നമ്മെ ദൈവീക നന്മകളിലേക്ക് വഴി നടത്തുന്നു. പരിശുദ്ധനായ പൗലോസ് റോമർക്ക് എഴുതുന്നു (8 :13 ,14 ) 'നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ, നിങ്ങൾ ജീവിക്കും. ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു'. ദൈവാത്മാവിനാൽ വഴി നടത്തപ്പെടുവാൻ നോമ്പ് നമ്മെ സഹായിക്കണം .

മനസ്സിന്റെ പരിവർത്തനത്തിന് പ്രായശ്ചിത്തം കൂടിയേ തീരു. തിന്മയിൽ നിന്ന് പിന്മാറാൻ ആഗ്രഹിക്കുന്നതിൽ മാത്രം കാര്യമില്ല. ഉറച്ച തീരുമാനത്തിലൂടെ നാം സ്വീകരിക്കുന്ന മാറ്റമാണ് പരിവർത്തനത്തിന്റെ അടിസ്ഥാനം. അതിലേക്കുള്ള മാർഗ്ഗമാണ് മനസ്സിന്റെ നവീകരണം. മനുഷ്യനെ ദൈവാത്മാവിനാൽ നയിക്കപ്പെടുവാൻ ആദ്ധ്യാത്മീക ഗുരുക്കന്മാർ കാട്ടിത്തന്ന സാധനയാണ് നോമ്പ്. ശരീരത്തെയും മനസ്സിനെയും നിയന്ത്രിക്കുവാനുള്ള പരിശീലനം. നിയന്ത്രണവിധേയമായി ഈ കാലഘട്ടം പൂർത്തിയാകുമ്പോൾ ഒരു പുതിയ മനുഷ്യൻ ജന്മമെടുക്കണം. ആത്മാവിനാൽ നയിക്കപ്പെടുന്ന പുതിയ സൃഷ്ടി. എഫേ 4:23, 24.... നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ. നോമ്പുകാലം വെളിച്ചത്തിലേക്കുള്ള നടപ്പാതയാണ്. ത്യാഗങ്ങളുടെ നോവുകളെ ജീവിതത്തോടു ചേർത്തു കൊരുത്തുകൊണ്ട് ഓരോ വ്യക്തിക്കും, തന്നെ തന്നെ ഇടിച്ചു പൊട്ടിക്കാനും, തുടച്ചു മിനുക്കുവാനുമുള്ള അവസരം. നമുക്കു നമ്മോടുതന്നെ ബലപ്രയോഗം നടത്താനുള്ള സന്ദർഭം. ബലപ്രയോഗം നടത്തേണ്ടത് നമ്മിലെ തിന്മക്കെതിരെയാണ്. 'ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിക്കണം....' എഫേ 4:22. നമ്മുടെ ചിന്തകൾ, വികാരങ്ങൾ, ഇന്ദ്രിയങ്ങൾ എന്നിവയെ സംശുദ്ധമാക്കുവാൻ ഇവയോടു ബലപ്രയോഗം നടത്തുവാൻ നോമ്പു നമ്മെ സഹായിക്കണം.

ജീവിതം ക്രിസ്തു കേന്ദ്രീകൃതമാകുവാൻ നോമ്പിനാൽ സാധിക്കണം. ഓരോ അനുഷ്ഠാനവും അച്ചടക്കത്തിലേക്കുള്ള വാതിൽ തുറക്കലാണ്, സംയമനത്തിന്റെ പാഠം പഠിപ്പിക്കലാണ്. നോമ്പ് അനുഷ്ഠിക്കുമ്പോൾ ആത്മാവും ശരീരവും ശുദ്ധീകരിക്കപ്പെടണം. സത്ചിന്തകളാൽ ഉള്ളം നിറയണം. അത് അറിവിന്റെ വെളിച്ചമായി നിറയും.

അധമവാസനകളാൽ ഉലയുന്ന മനുഷ്യനെ ആത്മനിയന്ത്രണം ശീലിപ്പിക്കുക വഴി മനുഷ്യന് ആന്തരീകമായ ഒരു സംസ്ക്കരണം സാദ്ധ്യമാകുന്നു. നന്മയുടെ ഘടകങ്ങളെ ശക്തിപ്പെടുത്തുന്ന ചിന്തകളെയും പ്രവർത്തികളെയും ശുദ്ധീകരിക്കാൻ കഴിയുന്നു. ദൈവത്തെ മുഖാഭിമുഖം കണ്ട് സ്വർഗ്ഗീയ ആത്മീയ നിർവൃതി അടയുവാനും, ഓരോരുത്തനും തന്റെ ഉള്ളും, ഉള്ളായ്മയും സർവ്വേശ്വരാ കേന്ദ്രീകൃതമാക്കുവാനും ഇടയാകുന്നു. മനുഷ്യന് ഇഷ്ടപ്പെട്ടതെന്തും അരികെ ഉണ്ടായിട്ടും അതിൽ നിന്ന് വിട്ടുനിൽക്കുവാനുള്ള പരിശീലനം നോമ്പു നൽകുന്നു. ഇത് ആത്മീയവും മാനസീകവുമായ ബലം മനുഷ്യന് നേടിത്തരുന്നു. ഇന്ന് നോമ്പിനെ കേവലം ഒരു ആചാരവും, നോമ്പുകാലത്തെ ഒരു ആഘോഷവുമാക്കുവാനുമാണ് മനുഷ്യൻ ശ്രമിക്കുന്നത്. ആസക്തിയുടെ ലോകത്ത് ജീവിക്കുന്ന മനുഷ്യന് ആത്മനിയന്ത്രണവും മനോനിയന്ത്രണവും നിസ്സാര കാര്യമല്ല. നിയന്ത്രണം ലംഘിച്ചതിന്റെ പേരിലാണ് പറുദീസയിൽ നിന്ന് പുറത്തായത്. ഇന്നും ലംഘനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നമുക്ക് ലംഘനങ്ങൾ നടത്താതെ നോമ്പുകാലം ആത്മീയ പോഷണത്തിനും, ശാരീരിക പോഷണത്തിനും ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിനും ദൈവ വെളിച്ചത്തിലേക്കുമുള്ള വളർച്ചയ്ക്കും പ്രയോജനപ്പെടുത്താം. ■

## നിര്യാതരായി



തേവര P. K. Deewar റോഡ് വടക്കേത്തലയ്ക്കൽ Commander (Retd.) **എൻ. ഗീവർഗീസ്**, AVSM (98 വയസ്സ്) ഫെബ്രുവരി 13-ാം തീയതി ബുധനാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്ക്കാരം 16-ാം തീയതി ശനിയാഴ്ച എളംകുളം സെമിത്തേരിയിൽ നടത്തപ്പെട്ടു.

എസ്. ആർ. എം. റോഡ് ഹംസകുഞ്ഞ് ലെയിനിൽ കുറ്റിയിൽ വീട്ടിൽ **മോളി ജോർജ്** (88 വയസ്സ്) ഫെബ്രുവരി 20-ാം തീയതി ബുധനാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്ക്കാരം 25-ാം തീയതി തിങ്കളാഴ്ച ചിറ്റൂർ റോഡ് സെമിത്തേരിയിൽ നടത്തപ്പെട്ടു.

*ആദരാഞ്ജലികൾ*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Mar 10 - 07.00 am, Mar 17 - 10.00 am |
| | Mar 24 - 07.00 am, Mar 31 - 10.00 am |
| | Apr 07 - 07.00 am. |
| സെമിത്തേരിമുക്ക് ചാപ്പൽ: | Mar 17 - 07.30 am, Mar 31 - 07.30 am |
| | **എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am** |

## മാമോദീസ

അയ്യപ്പൻകാവ് കുറ്റിക്കാട് വീട്ടിൽ ശ്രീ.ജോഷി കെ. ജോൺസന്റേയും ശ്രീമതി അഞ്ജിതാ ജോഷിയുടെയും മകൻ **ജോവാൻ കെ. കോശി (ജോൺസൺ)** 2019 ഫെബ്രുവരി മാസം 9-ാം തീയതി മാമോദീസ സ്വീകരിച്ചു.

കലൂർ ചീരൻ ഹൗസിൽ ശ്രീ. ബിനിൽ മാത്യുവിന്റെയും ശ്രീമതി സിമി ജോസഫ് ചാലിയുടെയും മകൾ **എൽസാ മരിയാ ബിനിൽ (മരിയ)** 2019 ഫെബ്രുവരി മാസം 17-ാം തീയതി മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

ATTENTION PLEASE: Parish Members and their children who are residing outside the state / country may submit their email ID to <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

**ഇംഗ്ലീഷ് വി. കുർബ്ബാന**
**നോമ്പ് വീടൽ വരെ ഉണ്ടായിരിക്കുന്നതല്ല.**








എറണാകുളം നഗര പരിധിയിലും സമീപ പ്രദേശങ്ങളിലുമുള്ള ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ **മെൽതൊ 2019** മാർച്ച് 15, 16, 17 (വെള്ളി, ശനി, ഞായർ) തീയതികളിൽ മറൈൻ ഡ്രൈവ് ഹെലിപ്പാഡ് ഗ്രൗണ്ടിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. മാർച്ച് 15 വെള്ളിയാഴ്ച വൈകുന്നേരം 5.30 ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് ഗാനശുശ്രൂഷ, ഉദ്ഘാടന പ്രസംഗം, വചനശുശ്രൂഷ, ആശീർവ്വാദം ഇവ ഉണ്ടായിരിക്കുന്നതാണ്. മാർച്ച് 16 ശനിയാഴ്ച രാവിലെ 10 ന് കുടുംബസംഗമവും 3 മണിക്ക് യുവജനസംഗമവും നടത്തപ്പെടും. വൈകുന്നേരം 5.30 ന് സന്ധ്യാനമസ്കാരവും തുടർന്ന് ഗാനശുശ്രൂഷ, വചനശുശ്രൂഷ, ആശീർവ്വാദം ഇവ നടത്തപ്പെടുന്നതുമാണ്.

മാർച്ച് 17 ഞായാറാഴ്ച വൈകുന്നേരം 5.30 ന് സന്ധ്യാനമസ്കാരവും തുടർന്ന് ഗാനശുശ്രൂഷ, പരിശുദ്ധ ബാവാ തിരുമനസ്സിലെ അനുഗ്രഹ സന്ദേശം, വചന ശുശ്രൂഷ, സമാപന സന്ദേശം, Candle Prayer, ആശീർവ്വാദം, ഇവ ഉണ്ടായിരിക്കുന്നതുമാണ്. സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും മറ്റ് പ്രഗല്ഭ വാഗ്മികളും നേതൃത്വം നൽകുന്നതാണ്. എല്ലാവരും സകുടുംബം പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

## വിശേഷ ദിവസങ്ങൾ

**മാർച്ച്**

| | | |
|---|---|---|
| 04 | തിങ്കൾ | വലിയ നോമ്പ് (50 നോമ്പ്) ആരംഭം<br>ശുബ്ക്കോനോ ശുശ്രൂഷ 11 am |
| 10 | ഞായർ | ഗർബോ ഞായർ<br>(കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായർ) |
| 17 | ഞായർ | മ്ശ്റയോ ഞായർ (തളർവാത രോഗിയെ സൗഖ്യമാക്കിയ ഞായർ) |
| 24 | ഞായർ | ക്നാനൈത്തോ ഞായർ (ക്നാനായക്കാരി) |
| 25 | തിങ്കൾ | ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ<br>(സുബോറോ) |
| 27 | ബുധൻ | പാതിനോമ്പ് |
| 31 | ഞായർ | ക്ഫിഫ്തോ ഞായർ<br>(കൂനിയെ സൗഖ്യമാക്കിയ ഞായർ) |

**ഏപ്രിൽ**

| | | |
|---|---|---|
| 05 | വെള്ളി | പാമ്പാടി തിരുമേനി 54-ാം ഓർമ്മ<br>(പാമ്പാടി ദയാറാ) |
| 07 | ഞായർ | സമിയോ ഞായർ<br>(കുരുടനെ സൗഖ്യമാക്കിയ ഞായർ)<br>മലങ്കര ഓർത്തഡോക്സ് സഭാദിനം,<br>കാതോലിക്കാ ദിനം |

## ഇടവക മെത്രാപ്പോലീത്തായുടെ എപ്പിസ്ക്കോപ്പൽ രജത ജൂബിലി സമ്മേളനം



മലങ്കര ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രസനാധിപൻ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലിത്താ തിരുമനസ്സ് മേൽപ്പട്ട സ്ഥാനമേറ്റിട്ട് 25 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു കൊച്ചി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സമുചിതമായ ഒരു പൊതുസമ്മേളനം 2019 മാർച്ച് 17-ാം തീയതി ഞായാറാഴ്ച 2.30 p.m ന് കൊച്ചി മറൈൻ ഡ്രൈവ് ഹെലിപ്പാഡ് ഗ്രൗണ്ടിൽ മെൽതൊ 2019 വേദിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. സമ്മേളനത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും മറ്റ് അഭിവന്ദ്യ പിതാക്കന്മാരും ഇതര സഭാ, മത, സമുദായ, സാംസ്ക്കാരിക, സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലെ ഉന്നതരും പങ്കെടുക്കുന്നതാണ്. ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യവും , സഹകരണവും പ്രതീഷിക്കുന്നു.

## വിവാഹം

കത്തീഡ്രൽ ഇടവകയിൽ പാലാരിവട്ടം പൂതിയോട്ട് (പൂവത്തൂർ) വീട്ടിൽ ശ്രീ. സുരേഷ് മാത്യുവിന്റെയും ശ്രീമതി റീത്താ മാത്യുവിന്റെയും മകൻ **സുനിത് മാത്യുവും** കളമശ്ശേരി സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ ചങ്ങമ്പുഴ നഗർ കാനാവിൽ (കാരുവേലിൽ വടക്കേ മുണ്ടകത്തിൽ) ശ്രീ. ബാജി ഏബ്രഹാമിന്റെയും ശ്രീമതി ഷീലാ ബാജിയുടെയും മകൾ **നിതു അന്നാ ബാജിയും** തമ്മിലുള്ള വിവാഹം 2019 ഫെബ്രുവരി മാസം 17-ാം തീയതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് നടന്നു.

കത്തീഡ്രൽ ഇടവകയിൽ എഴുപുന്ന കൊച്ചുപാറേട്ട് ശ്രീ. ജോർജ് ഫിലിപ്പിന്റേയും പരേതയായ ഗ്രേസിയുടേയും മകൻ **പ്രശോഭ് ജോർജും** വണ്ണപ്പുറം കാളിയാർ മാർ ഗ്രീഗോറിയോസ് പള്ളി ഇടവകയിൽ ഇടയത്ത് ശ്രീ. മാത്യു ചെറിയാന്റേയും ശ്രീമതി ഷേർളി മാത്യുവിന്റേയും മകൾ **മറിയവും (റീനു മാത്യു)** തമ്മിലുള്ള വിവാഹം 2019 ഫെബ്രുവരി മാസം 24-ാം തീയതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*